LIBRARY ARCHIVES Kerala Legislative Assembly

ഇപ്രകാരം ചെയ്യുന്നതുകൊണ്ട് വരുംവർഷങ്ങളിൽ ബഡ്ജറ്റ് തുകയോടൊപ്പം എസ്.ടി.എസ്.ബി അക്കൗണ്ടിലെ ബാക്കി തുകയും വകുപ്പുകൾക്ക് ചെലവാക്കാൻ സാധിക്കുമെന്ന് കമ്മിറ്റി വിലയിരുത്തി. ഇതുമൂലം വകുപ്പുകളുടെ ചെലവുകളുടെ സുതാര്യത നഷ്ടമാകുന്നുവെന്നും അവ ഉചിതമായ പരിശോധനയ്ക്ക് വിധേയമാകുന്നില്ലെന്നും ഇത് ബഡ്ജറ്റിന്റെ സുതാര്യത നഷ്ടമാക്കുമെന്നും ആയത് അപ്രതീക്ഷിതമായ സമ്മർദ്ദം സർക്കാരിന്റെ സഞ്ചിതനിധിയിൽ സൃഷ്ടിച്ചിരുന്നെന്നും ആയതിനാൽ എസ്.ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക സർക്കാർ പിൻവലിക്കുന്ന രീതിയെ കമ്മിറ്റി സ്വാഗതം ചെയ്യുന്നുവെന്നും റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

ടഷറികളുടെ ആധുനികവത്ക്കരണം

119(1849) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടഷറികൾ ആധുനികവത്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ടഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ/ ആധുനികവൽക്കരണ നടപടികൾ പ്രധാനമായും 2 മേഖലകളിലായാണ് നടന്നുവരുന്നത്. അടിസ്ഥാന സൗകര്യ വികസനവും ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവും. അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ടഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കിപ്പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. ടഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിന്റെ വിവര വിനിമയ സാങ്കേതികവിദ്യയുടെ അടിസ്ഥാന തത്വങ്ങളായ കമ്പ്യൂട്ടർ സിസ്റ്റംസ്, സെർവറുകൾ, ഡാറ്റാ കണക്ടിവിറ്റി എന്നിവയും മെച്ചപ്പെടുത്തുന്നുണ്ട്. ഏത് സാഹചര്യത്തിലും തടസ്സമില്ലാതെ നെറ്റ്വർക്ക് കണക്ഷൻ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് ബി.എസ്.എൻ.എൽ - ൽ നിന്നും Rail.Tel.-ൽ നിന്നും രണ്ട് ഡാറ്റാ കം ലീസ്ഡ് കണക്ഷനുകൾ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ടഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി റീപെയിന്റിംഗ്, ടോയിലറ്റ് നിർമ്മാണം, ടോയിലെറ്റ് നവീകരണം, ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്നിവ ആവശ്യമുള്ള ടഷറികളിൽ ആയത് നിർവ്വഹിക്കുന്നതിനും ടഷറികൾക്കാവശ്യമായ കസേര, ഫാൻ എന്നിവ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യമാക്കി ഒരു പുതിയ ധനകാര്യ മാനേജ്മെന്റ് സംവിധാനം (ഐ.എഫ്.എം.എസ്.- സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം) ട്രഷറി വകുപ്പിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. വിവര സാങ്കേതിക വിദ്യയുടെ എല്ലാ സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുന്ന മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുക എന്നതാണ് IFMS ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇ-ഗവേണൻസ് പരിപാടികളുടെ അന്തസത്ത ഉൾക്കൊള്ളുന്നതിലും കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുള്ള മഹത്തായ കാൽവെയ്പ്പാണ് IFMS- ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യപരിപാലനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റ് ജനറൽ, റിസർവ് ബാങ്ക്, ഏജൻസി ബാങ്കുകൾ, മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരികയെന്നതും IFMS- ന്റെ ലക്ഷ്യമാണ്. റവന്യൂ മാനേജ്മെന്റിന് വിവിധ ബാങ്കുകളെ ബന്ധിപ്പിച്ച ഇ-ട്രഷറി, ബില്ലുകൾ കേന്ദ്രീകൃതമായി പാസ്സാക്കാനുള്ള Core TIS, ബഡ്ജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് SPARK, മറ്റു ബില്ലുകൾക്ക് BiMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വെയ്സ് ആൻഡ് മീൻസിന് WAMS, ഏത് ട്രഷറിയിൽനിന്നും പണം പിൻവലിക്കാൻ കഴിയുന്ന CORE BANKING, മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും വിതരണവും വിൽപ്പനയും മാനേജ് ചെയ്യുന്നതിനുള്ള CRA, സർക്കാർ സേവനങ്ങൾക്കുവേണ്ടിയുള്ള ഫീസുകളും ചാർജ്ജുകളും സ്വീകരിക്കുന്നതിനായി ഇ-പോസ് മെഷീനുകൾ, ഇന്റർനെറ്റ് ബാങ്കിങ്, ട്രഷറി അക്കൗണ്ടുടമകൾക്ക് " Kerala TSB" എന്ന പേരിലും സംസ്ഥാന പെൻഷൻകാർക്ക് " Kerala Pension" എന്ന പേരിലും മൊബൈൽ ആപ്ലിക്കേഷൻ, സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി e-TSB അക്കൗണ്ട്, ട്രഷറി വകുപ്പിൽ ഒരു മെച്ചപ്പെട്ട ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ISO 27001 സർട്ടിഫിക്കേഷൻ സ്റ്റാൻഡേർഡ് നേടുന്നതിനുള്ള നടപടികൾ, പെൻഷൻ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിങ്ങനെ

ആധുനികമായ വിവിധ സങ്കേതങ്ങൾ ഉൾക്കൊണ്ടതാണ് IFMS. സർക്കാരിന്റെ ധനഇടപാടുകൾ പൂർണ്ണമായും കടലാസുരഹിതമാക്കുന്നതിന്റെ ഭാഗമായി എല്ലാ വകുപ്പുകളിലെയും മാസ ശമ്പള ബില്ലുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മെയ് മാസം മുതൽ ട്രഷറിയുടെ പ്രവർത്തനം പുതിയ സെൻട്രൽ സെർവർ മുഖേനയാണ്.

(ബി) ട്രഷറികളോടനുബന്ധിച്ച് എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ട്രഷറികളോടനുബന്ധിച്ച് എ.ടി.എം. സൗകര്യം ഏർപ്പെടുത്താനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല. വാണിജ്യ ബാങ്കുകളുമായി ചേർന്ന് എ.ടി.എം. സൗകര്യമേർപ്പെടുത്താൻ സർക്കാർ തീരുമാനിച്ച പദ്ധതി റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ നാളിതുവരെയും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

ട്രഷറി സേവിംഗ്സ് അക്കൗണ്ട് സംവിധാനം

120 (1850) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ ബാങ്കുകളുമായി സഹകരിച്ച് ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് അക്കൗണ്ടിലെ തുക ഓൺലൈനായി ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റാവുന്നതും സേവിംഗ്സ് ബാങ്ക് ചെക്ക് ട്രഷറിയിൽ സമർപ്പിച്ചാൽ RTGS/NEFT മുഖേന തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. കൂടാതെ ബാങ്ക് അക്കൗണ്ടിലെ തുക ഇ-ട്രഷറി പോർട്ടൽ മുഖേന അക്കൗണ്ട് ഉടമയ്ക്ക് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റാനും കഴിയുന്നതാണ്. ട്രഷറിയിൽ സമർപ്പിക്കുന്ന ബാങ്ക് ചെക്ക് കളക്ഷൻ നടത്തി തുക അക്കൗണ്ട് ഉടമയുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകാനും കഴിയുന്നതാണ്.

(ബി) ട്രഷറി കോർ ബാങ്കിംഗ് സംവിധാനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കാമോ?

tsbonline.kerala.gov.in എന്ന ആപ്ലിക്കേഷൻ മുഖേന അക്കൗണ്ട് ഉടമകൾക്ക് ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽനിന്നും തുക ഓൺലൈനായി ബാങ്ക് അക്കൗണ്ടിലേയ്ക്കോ, മറ്റ് ട്രഷറി അക്കൗണ്ടിലേയ്ക്കോ, മാറ്റാവുന്നതും

LIBRARY ARCHIVES Kerala Legislative Assembly